**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1305** — **04-07-2022 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് മഹാമാരിയെത്തുടർന്ന് തകർന്നടിഞ്ഞ ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോവിഡ് മഹാമാരിയെത്തുടർന്ന് തകർന്നടിഞ്ഞ ടൂറിസം മേഖലയ്ക്ക് ഉണർവ്വേകാൻ നിരവധി പുതിയ പദ്ധതികൾ വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ആദ്യപാദത്തിൽ തന്നെ മുൻവർഷത്തേക്കാൾ വലിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് തന്നെ 2022 കേരളത്തിലെ ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മുന്നിൽകണ്ടുകൊണ്ടുതന്നെ നിരവധിയായ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾക്കാണ് ടൂറിസം വകുപ്പ് രൂപം നൽകുന്നത്. കേരളത്തെ ഒരു വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആക്കുക എന്ന ഉദ്ദേശത്തോടെ നടപ്പാക്കുന്ന പ്രത്യേക മാർക്കറ്റിംഗ് കാമ്പയിൻ, ഒരു ടൂറിസം പ്രൊഡക്റ്റ് എന്ന നിലയിൽ കാരവൻ ടൂറിസത്തിന്റെ മെച്ചപ്പെട്ട അവതരണം, ഹെലികോപ്റ്റർ സർവ്വീസ്, ബേപ്പൂർ റിവർഫെസ്റ്റ്, ചാലിയാർ റിവർഫെസ്റ്റ്, ചാമ്പ്യൻസ് ബോട്ട് ലീഗ്, ഡെസ്റ്റിനേഷൻ ചലഞ്ച്, ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, മലബാർ ലിറ്ററി സർക്യൂട്ട്, ഇവയൊക്കെ ഈ വർഷം നടപ്പിലാക്കുന്ന പ്രധാന പദ്ധതികളാണ്.<br><br>ഇതോടൊപ്പം യുവ തലമുറയെ ടൂറിസവുമായി ചേർത്തു നിർത്തുന്ന ടൂറിസം ക്ലബ്ബ് പദ്ധതിയും നടപ്പിലാക്കുകയാണ്. |
| (ബി) | പഞ്ചായത്ത് തലത്തിലുള്ള ചെറിയ ടൂറിസം സ്പോട്ടുകൾ വികസിപ്പിക്കുന്നതിന് വകുപ്പിൽനിന്നും സഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ടൂറിസം സാധ്യതയുള്ള വിവിധ സ്ഥലങ്ങളെ ടൂറിസം ഡെസ്റ്റിനേഷനുകളാക്കി മാറ്റുന്നതിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ആവശ്യം ഉയർന്നുവരുന്നു. ഇത് കണക്കിലെടുത്ത് ടൂറിസം വകുപ്പ് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് ഡെസ്റ്റിനേഷൻ ചലഞ്ച്. തദ്ദേശ സ്വയംഭരണ സ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം |

| | | | |
|---|---|---|---|
| | | | സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന പദ്ധതികൾക്ക് പദ്ധതി തുകയുടെ 60% (പരമാവധി 50 ലക്ഷം രൂപ വരെ) ടൂറിസം വകുപ്പ് നൽകുന്നതാണ്. |
| (സി) | കാരവൻ ടൂറിസം വഴി എത്രകോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ; ഈ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എത്ര സംരംഭകർ ഇതിനോടകം ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ടെന്നും ഈ മേഖല കുത്തകവൽക്കരിക്കപ്പെടാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (സി) | ടൂറിസം മേഖലയിൽ നിന്നും നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്ന വരുമാനത്തിൽ, കാരവൻ ടൂറിസം പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിച്ച് തുടങ്ങുമ്പോൾ മാത്രമേ കാരവൻ പദ്ധതിയിൽ നിന്നുള്ള വരുമാനം കണക്ക് കൂട്ടാൻ കഴിയുകയുള്ളൂ.<br><br>കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കുവാനായി മികച്ച പ്രചരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണമെന്നും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നവീനമായ ഒരു ടൂറിസം ഉൽപ്പന്നം എന്ന നിലയ്ക്കാണ് കാരവൻ ടൂറിസം നയം അവതരിപ്പിച്ചിട്ടുള്ളത്.<br><br>വിനോദസഞ്ചാരികൾ തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ പ്രശസ്തിയാർജ്ജിച്ചിട്ടില്ലാത്തതുമായ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യാനും മികച്ച യാത്രാനുഭവം ആസ്വദിക്കുന്നതിനുമായി തയ്യാറാക്കുന്ന വാഹനങ്ങളാണ് കാരവനുകൾ. പകൽസമയത്ത് സഞ്ചരിക്കുവാനും രാത്രികാലങ്ങളിൽ താമസിക്കുവാനും വേണ്ട സൗകര്യങ്ങളോടെയാണ് കാരവനുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. കാരവൻ ടൂറിസം പദ്ധതിയിലൂടെ സംസ്ഥാനത്ത് വിവിധ തലങ്ങളിലുള്ള വികസനം സർക്കാർ ലക്ഷ്യമിടുന്നു.<br><br>1. ടൂറിസം മേഖലയുടെ സമഗ്രവികസനം സാധ്യമാക്കുക.<br>2. കേരളത്തിലെ unexplored ആയ destination കൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.<br>3. നിലവിൽ താരതമ്യേന താമസസൗകര്യങ്ങൾ കുറഞ്ഞ കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് ഉയർത്തുക.<br>4. വിവിധ ജനസമൂഹങ്ങൾക്കു കൂടി പ്രയോജനകരമാകുന്ന വിധത്തിൽ ഉത്തരവാദ ടൂറിസം വികസനം നടപ്പിലാക്കുക. |

| | | | |
|---|---|---|---|
| | | | 5. തദ്ദേശവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.<br>6. തദ്ദേശീയമായ കലാ സാംസ്കാരിക പൈതൃകം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക.<br>7. ടൂറിസം മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുക.<br>8. ടൂറിസം മേഖലയെ കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക.<br><br>ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച, തൊഴിലവസരങ്ങൾ, പ്രാദേശിക വികസനം തുടങ്ങി സുസ്ഥിരമായ നിരവധി അവസരങ്ങൾ കാരവൻ പാർക്കുകളിലൂടെ സാധ്യമാകും. കേരള ടൂറിസത്തിന്റെ ഏറ്റവും ചടുലമായ ഉത്പന്നമായി ഇതു മാറുമെന്ന ഉറച്ച വിശ്വാസമാണ് സർക്കാരിനുള്ളത്. ഇതിനകം പത്ത് കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവ്വീസ് തുടങ്ങി. വാഗമണിൽ ഒരു പാർക്ക് കമ്മീഷൻ ചെയ്തു. അഞ്ച് പാർക്കിന്റെ പണി പുരോഗമിക്കുന്നു. ഏകദേശം 25 കാരവനുകളുടെ നിർമ്മാണം നടന്നുവരുന്നു. അഞ്ഞൂറിലധികം കാരവനുകൾ വാങ്ങാനുള്ള താൽപ്പര്യം കേരളത്തിലെ സ്വകാര്യമേഖല പ്രകടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ പുതുതായി 150 കാരവൻ പാർക്കുകളും സംസ്ഥാനത്ത് ആരംഭിക്കാൻ സ്വകാര്യമേഖല മുന്നോട്ട് വന്നിട്ടുണ്ട്. കൂടുതൽ കാരവനുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ പ്രത്യേക സബ്സിഡിയും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി സ്വകാര്യ മേഖലയുടെ സഹകരണത്തോടെയും, വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും നടപ്പാക്കുന്ന പദ്ധതിയാണ്. എല്ലാ മേഖലകൾക്കും ഗുണം ലഭിക്കത്തക്കരീതിയിൽ വികേന്ദ്രീകൃതമായാണ് പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ